http://theendtimenews.com/




# ലവോദിക്യയും നാഥനും



തുടർച്ച 05 പേജിൽ

CHRISTIAN NEWS JULY 2021

# ദി എൻഡ് ടൈം ന്യൂസ്

ദി വേക്ക് അപ്പ് -കോൾ

Volume 04 Issue No:43 Pages:14 Reg: TVM/1717/2014, Established:USA, Published from:India

## 'ചോസൺ വിറ്റ്നസ്': യേശുവിന്റെ ജീവിതത്തെ ആസ്പദമാക്കിയ ആനിമേറ്റഡ് ഹ്രസ്വ ചിത്രം 250 ഭാഷകളിലേക്ക്



തുടർച്ച 04പേജിൽ

# പ്രതിഷേധം അമേരിക്കയിലെ കൂറ്റൻ ക്രിസ്തു രൂപത്തിൽ ഭ്രൂണഹത്യ അനുകൂല ബാനർ




**അർക്കൻസാസ്:** അമേരിക്കൻ സംസ്ഥാനമായ അർക്കൻസാസിലെ യുറേക്കാ സ്പ്രിംഗ്സിൽ സ്ഥിതിചെയ്യുന്ന ക്രിസ്തു രൂപത്തിൽ ഭ്രൂണഹത്യ അനുകൂല ബാനർ കെട്ടിത്തൂക്കിയതിൽ പ്രതിഷേധം ശക്തമാകുന്നു. ഭ്രൂണഹത്യയെ അനുകൂലിക്കുന്ന ഇൻഡിക്സയിൻ എന്ന സംഘടന 65 അടി ഉയരമുള്ള രൂപത്തിലാണ് പ്രകോപനപരമായ ബാനർ കെട്ടിത്തൂക്കിയത്. നിർമ്മാണ തൊഴിലാളികൾ എന്ന വ്യാജേനയാണ് അവർ പ്രതിമ നിന്നിരുന്ന

തുടർച്ച 04പേജിൽ

ദി എൻഡ് ടൈം ന്യൂസ്
ദി വേക്ക് അപ്പ്-കോൾ






# EDITORIAL BOARD

**CHIEF EDITOR**
Baiju Yacob Edavila

**SUB EDITOR**
Manuel Joseph
Jiji Babu

**EDITORS**
Pastor A Anilkumar
Rev. Joseph chacko
Sis.Sherly

**MANAGER**
Bovas Sreekaryam

**CO-ORDINATORS**
John Francis (Dallas)
Syam
Sis.Saritha
Sis.Simi
Sis.Lesley Yacob

**REPORTERS**
Miniesh Kumar(Baharin)
Pastor Stephen (Andrapradesh)

**ADVISORY BOARD**
Pastor Shibu Thomas USA
Pastor Asokan Eranakulam
M.Jacob Thiruvananthapuram


INDIA
VRA-402,Vikasnagar
Sreekariyam p.o.
Thiruvanthapuram.695017
Kerala
9526650511



# നബിചര്യ പിൻപറ്റുന്നവർ

അഫ്ഗാനിസ്ഥാനിൽ വീണ്ടും വെടിയൊച്ചകളും ഷെല്ലാക്രമണങ്ങളും ട്രോൺ ആക്രമണങ്ങളും അതിശക്തമായതോടെ മനുഷ്യർ ജീവനും കൊണ്ട് പരക്കം പായുകയാണ്. യു.എസ് സൈന്യം അഫ്ഗാനിസ്ഥാൻ വിട്ടതോടെയാണ് കലുഷിതാവസ്ഥയ്ക്ക് ആരംഭം കുറിച്ചത് ആരാണ് താലിബാൻ? ലോകത്തിലെ ദരിദ്രരാജ്യങ്ങളിൽ ഒന്നായ ഏഷ്യയിലെ ഒരു പരമാധികാര രാജ്യമായ ഇസ്ലാമിക റിപ്പബ്ലിക്ക് ഓഫ് അഫ്ഗാനിസ്ഥാനിൽ 1990 കളിൽ രൂപീകരിക്കപ്പെട്ട ഒരു ഇസ്ലാമിക തീവ്രവാദ സംഘടനയാണിത്. താലിബാനിൽ 90% സുന്നീമുസ്ലീമുകളും 10% താഴെ ഷിയാമുസ്ലീമുകളുമാണ്. സുന്നി, ഷിയാ വിഭാഗക്കാരെ മുസ്ലീങ്ങൾ തമ്മിലുള്ള കടുത്ത ശൂന്യതയാണ് ഈ നരനായാട്ടി നടിസ്ഥാന കാരണം. അഫ്ഗാനിസ്ഥാന്റെ തെക്ക് ഭാഗത്തും പാക്കിസ്ഥാന്റെ വടക്ക് ഭാഗത്തും വസിക്കുന്ന ജനവിഭാഗമാണ് പഷ്തൂണുകൾ. പഷ്തൂൺ ഭാഷയിൽ വിദ്യാർത്ഥികൾ എന്ന് അർത്ഥം വരുന്ന താലിബാൻ എന്ന വാക്കിൽ നിന്നാണ് സംഘടനയ്ക്ക് ഈ പേർചാർത്തപെട്ടിട്ടുള്ളത്. ഇവർ സ്വയമേവ പറയുന്നത് തങ്ങൾ ഏക ദൈവവിശ്വാസികൾ എന്നാണ്. 99%വും മുസ്ലീങ്ങൾ പാർക്കുന്ന അഫ്ഗാനിൽ ഇവർ തമ്മിൽ തമ്മിൽ ജീവനെടുക്കുന്നത് ആർക്കു വേണ്ടിയാണ്? 2001 സെപ്റ്റംബർ 11 ന് വേൾഡ് ട്രേഡ് സെന്റർ ആക്രമണത്തോടെയാണ് താലിബാൻ ലോകശ്രദ്ധ നേടിയത്. ഫരിയാ പ്രവിശ്യയിൽ നിരായുധരായ 22 സൈനികരെ ക്രൂരമായി കൊലപ്പെടുത്തുന്ന വീഡിയോ ദൃശ്യങ്ങൾ അടുത്ത സമയത്ത് പുറത്തു വിട്ടിരുന്നു. അഫ്ഗാന്റെ തലസ്ഥാനമായ കബൂളിൽ ജനവാസമുള്ള ഒരു സ്കൂളിൽ സ്ഫോടനം നടത്തിയത് ഈ വർഷം മെയ്മാസത്തിൽ ആയിരുന്നു. ഇതിൽ 40 പേർ കൊല്ലപ്പെട്ടു. കഴിഞ്ഞ മൂന്ന് ദശകങ്ങളായി സ്വർഗ്ഗം ലഭിക്കാൻ സ്വയം പൊട്ടിത്തെറിക്കാൻ പരിശീലിപ്പിക്കയും അന്യന്റെ സ്വസ്ഥത നശിപ്പിക്കയും ചെയ്യുന്ന 1400 വർഷം പഴക്കം അവകാശപ്പെടുന്ന ഈ മതം ആധുനിക കാലഘട്ടവുമായി ഒത്തുപോകുവാൻ ചക്രശ്വാസം വലിക്കുന്നത് അന്യ ജനത ചീട്ടുകൊട്ടാരം തകർന്ന് വീഴുന്ന ലാഘവത്തോടെ നിങ്ങളെ വീക്ഷിക്കുന്നു. അതിൽ നിങ്ങൾ അവകാശകപ്പെടുന്ന ഏകദൈവം അള്ളാഹു അല്ല അത് കർത്താവായ യേശുക്രിസ്തു മാത്രമാണെന്ന് സഹോദരങ്ങളോട് ഉദ്ബോധിപ്പിക്കുന്നു.

*ബൈജു യാക്കോബ്*
*ഇടവിള*

**Disclaimer**

The views expressed in this online newspaper are those of the authors and do not necessarily reflect the position of HSM End Time News. The online newspaper will not bear any responsibility whatsoever for them. The images used in the newspaper have been downloaded from the Internet and we acknowledge that the copyright of those images remain with the original owners. HSM End Time News does not claim any copyright for them and does not intend to use them for commercial purposes.

# ഞാൻ നിന്നോട് ദൈവത്തിന്റെ അരുളപ്പാട് അറിയിക്കേണ്ടതിന് നീ അൽപ്പം നിൽക്ക



പാസ്റ്റർ ഷിബു തോമസ്,
ഒക്കലഹോമ.

*പട്ടണത്തിന്റെ അറ്റത്തെത്തിയപ്പോൾ ശമുവേൽ ശൗലിനോട്; ഭൃത്യൻ മുമ്പെ കടന്നുപോകുവാൻ പറക അവൻ കടന്നു പോയി ഞാൻ നിന്നോട് ദൈവത്തിന്റെ അരുളപ്പാട് അറിയിക്കേണ്ടതിന് നീ അൽപ്പം നിൽക്ക എന്നു പറഞ്ഞു.(1ശമു9:27).*

തിരക്കുപിടിച്ച ജീവിതത്തിൽ ദൈവശബ്ദം ശ്രവിക്കുവാൻ എത്ര പേർ സമയം കണ്ടെത്താറുണ്ട്. കാലത്തിന്റെ കോലാഹലങ്ങളും, അസമാധാനത്തിന്റെയും,നിന്ദയുടെയും,അഹങ്കാരത്തിന്റെയും ആക്രോശങ്ങളും മാത്രം ചുറ്റും മുഴങ്ങുന്നത് കേട്ട് കാതും ഹൃദയവും മരവിച്ചിരിക്കുകയാണോ? ഈ നിരാശയുടെ കോലാഹങ്ങൾക്കിടയിൽ അൽപ്പസമയം ദൈവീക ശബ്ദത്തിനു കാതോർത്താൽ അത് വ്യത്യാസങ്ങളുടെ ദിനങ്ങൾ ആയിരിക്കും. ഒരൽപ്പസമയം ദൈവവചനം ധ്യാനിക്കുവാൻ മുഴങ്കാൽ മടക്കി പ്രാർത്ഥിക്കുവാൻ സമയം വേർതിരിക്കുക. ഹൃദയങ്ങളെ ആരാഞ്ഞറിയുന്നവൻ , ചിന്തനങ്ങളെയും, ഭാവങ്ങളെയും വിവേചിക്കുന്ന ദൈവം ഹൃദ്യമായി സംസാരിക്കും. സംശയത്തിന്റെ നാൽക്കവലകളിൽ മകനെ മകളെ വഴി ഇതാകുന്നു ഇതിലെ നടന്നു കൊൾക എന്ന ഇമ്പ സ്വരം കേൾക്കുവാൻ കഴിയും. ആലോചനയിൽ വലിയവനും പ്രവൃത്തിയിൽ ശക്തിമാനുമായ ദൈവത്തിന്റെ അരുളപ്പാടുകൾ ജീവിതത്തിനു പുതിയ അർത്ഥം തരും. കഴുതയെ തിരക്കി അലഞ്ഞു നടന്ന ശൗൽ എന്ന യൗവ്വനക്കാരൻ, നഷ്ടബോധവും, യാത്രാക്ഷീണവും ഏൽപ്പിച്ച നിരാശയുടെ ഭാരം പേറി ഭൃത്യന്റെ വാക്കുകേട്ട് ശമുവേൽ പ്രവാചകന്റെ അടുക്കൽ എത്തുന്നു. അതിഥിക്ക് വിരുന്നൊരുക്കിയ പ്രവാചകൻ. പ്രഭാതത്തിൽ യാത്രയാകുന്ന ശൗലിനോട് പറയുന്നത് ഭൃത്യൻ മുൻപോട്ട് പോകട്ടെ - യഹോവയുടെ അരുളപ്പാട് ഞാൻ നിന്നോടറിയിക്കേണ്ടതിന് നീ അൽപ്പം നിൽക്ക....ദൈവശബ്ദത്തിനായ് ശൗൽ നിന്നു കൊടുത്തപ്പോൾ പ്രവാചക ശബ്ദം മുഴങ്ങി... യിസ്രായേൽ ഗൃഹത്തിന്റെ പ്രതീക്ഷ നിന്റെ മോലാണ്- ദൈവം നിന്നെ ജനത്തിന്റെ പ്രഭുവായി, അധിപതിയായി തിരഞ്ഞെടുത്തിരിക്കുന്നു...കഴുതയെ തിരക്കി വന്നവനെ, കരം പിടിച്ചുയർത്തി, കർത്തൃത്വം നടത്തുന്നവനാക്കിയ ദൈവശബ്ദം. ദൈവീകാരുളപ്പാടുകൾക്കു വേണ്ടി കാതോർത്തവൻ യിസ്രായേലിന്റെ പ്രഥമ രാജസ്ഥാനീയനായിത്തീർന്നു. ദൈവാലോചനയ്ക്ക് വിധേയപ്പെടുന്ന ഏവരെയും ദൈവം ഉയർത്തുന്നു. പുതിയ മണ്ഡലങ്ങളിലേക്ക് ദൈവം കൈപിടിച്ചു നടത്തുന്നു. ഓരോ ദിവസവും പ്രാർത്ഥിക്കുക - നിത്യജീവന്റെ മൊഴികൾ അവിടുത്തെ പക്കൽ ഉണ്ടല്ലോ, അങ്ങയെ വിട്ടു പിരിയാൻ ഇടവരരുത്. തിരു ശബ്ദം കേൾക്കാൻ എന്റെ ചെവികളെ തുറക്കേണമെ. പ്രാർത്ഥന:

യേശുവെ അവിടുത്തെ ശബ്ദം കേൾക്കുവാൻ എന്നെ സമർപ്പിക്കുന്നു. അവിടുത്തെ ആലോചനയാൽ എന്നെ വഴി നടത്തേണമേ.....ആമേൻ.



## നീ അൽപ്പം നിൽക്ക

THE END TIME NEWS
VOICE OF HARVESTING SOULS MISSION



## 'ചോസൺ വിറ്റ്നസ്': യേശുവിന്റെ ജീവിതത്തെ ആസ്പദമാക്കിയ ആനിമേറ്റഡ് ഹ്രസ്വചിത്രം 250 ഭാഷകളിലേക്ക്



**ന്യൂയോർക്ക്:** യേശുക്രിസ്തുവിന്റെ ജീവിതത്തെ ആസ്പദമാക്കി നിർമ്മിച്ച ആനിമേറ്റഡ് ചിത്രമായ 'ചോസൺ വിറ്റ്നസ്' പ്രേക്ഷകർക്ക് ഇടയിൽ ശ്രദ്ധ ആകർഷിക്കുന്നു. ജീസസ് ഫിലിം പ്രൊജക്ട് എന്ന സംഘടന ഏപ്രിൽ ഈസ്റ്റർ കാലയളവിൽ 38 ഭാഷകളിലാണ് ഹ്രസ്വചിത്രം റിലീസ് ചെയ്തത്. യേശുവിന്റെ മരണവും, ഉത്ഥാനവുമാണ് ചിത്രത്തിന്റെ പ്രതിപാദ്യവിഷയം. ക്രൂ എന്ന സംഘടന നിർമ്മിച്ച ചോസൺ വിറ്റ്നസ് യൂട്യൂബിൽ പോസ്റ്റ് ചെയ്ത ആദ്യ മൂന്ന് ആഴ്ചകൾക്കുള്ളിൽ തന്നെ രണ്ടര ലക്ഷത്തോളം ആളുകൾ ചിത്രം കണ്ടിട്ടുണ്ട്. നിലവിൽ ഹിന്ദി ഉൾപ്പെടെ ഭാഷകളിൽ ഇറങ്ങിയ ചിത്രം ഉടനെ തന്നെ 250 ഭാഷകളിൽ കൂടി ലഭ്യമാക്കുമെന്നാണ് അണിയറപ്രവർത്തകർ അറിയിച്ചു. മഗ്ദലന മറിയത്തിന്റെ കണ്ണുകളിലൂടെയാണ് ചിത്രത്തിന്റെ ദൃശ്യാവിഷ്കാരം മുന്നോട്ട് പോകുന്നത്.

യേശുക്രിസ്തു മരിച്ചവരിൽ നിന്ന് ഉയർത്തത് ആദ്യം കണ്ട പിൻഗാമി മഗ്ദലനമറിയമാണെന്നത് സുപ്രധാനമായ കാര്യമാണെന്ന് ചിത്രത്തിന്റെ എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ എലിസബത്ത് ഷെങ്കൽ ക്രിസ്റ്റ്യൻ പോസ്റ്റ് മാധ്യമത്തോട് പറഞ്ഞു. തന്റെ ഉയർത്തെഴുന്നേൽപ്പിന്റെ സാക്ഷിയായി ശിഷ്യഗണത്തിന്റെ അടുക്കലേക്ക് യേശു അയക്കുന്നത് മഗ്ദലനമറിയത്തേയാണ്.ഈ പശ്ചാത്തലം കൂടി കണക്കിലെടുത്താണ് മഗ്ദലന മറിയത്തിലൂടെ സിനിമയുടെ ഉള്ളടക്കം കടന്നുപോകുന്നത്. ഏഷ്യയിൽ നിന്നും ആഫ്രിക്കയിൽനിന്നുമടക്കം മികച്ച പ്രതികരണമാണ് ചിത്രത്തിന് ലഭിക്കുന്നതെന്ന് എലിസബത്ത് കൂട്ടിച്ചേർത്തു. ഡിസ്നി ചിത്രങ്ങളുടെ സംവിധായകൻ ബാരി കക്ക്, സ്പെഷ്യൽ എഫക്റ്റ് സംവിധായകൻ ഡോം കരോള തുടങ്ങിയ പ്രമുഖർ ചോസൺ വിറ്റ്നസിന്റെ ദൃശ്യാവിഷ്കാരത്തിന്റെ പിന്നിൽ പ്രവർത്തിച്ചിട്ടുണ്ടെന്നത് ശ്രദ്ധേയമാണ്.

## ഗിന്നസ് ലോകറെക്കോർഡ് നേടി ആലപ്പുഴ ചർച്ച് ഓഫ് ക്രൈസ്റ്റ് അംഗം



ആലപ്പുഴ ചർച്ച് ഓഫ് ക്രൈസ്റ്റ് അംഗമായ സാരോൺ റോഡ്രിഗ്സ് ക്രിക്കറ്റ് ബാറ്റ് ഉപയോഗിച്ച് ക്രിക്കറ്റ് ബോൾ താഴെ വീഴാതെ 3 മണിക്കൂർ 22 മിനിറ്റ് 8 സെക്കന്റ് തട്ടിക്കൊ് ഗിന്നസ് റെക്കോർഡ് നേടി. കൂടാതെ യൂണിവേഴ്സൽ അവാർഡും ലിംകാ ബുക്ക് ഓഫ് അവാർഡിനും അർഹനായി.

ഗിന്നസ് റെക്കോർഡ് നേടിയ സാരോൺ റോഡ്രിഗ്സിന് സഭ മോമൊന്റൊയും ക്യാഷ് അവാർഡും നൽകി അനുമോദിച്ചു. അമ്മ സെർഫി, സഹോദരി സാനിയ എന്നിവർ ആലപ്പുഴ ചർച്ച് ഓഫ് ക്രൈസ്റ്റിലെ സജീവ അംഗങ്ങളാണ്.

## ജെ ബി കോശി കമ്മീഷൻ: യുണൈറ്റഡ് പെന്തക്കോസ്ത് സഭ സമിതി രൂപീകരിച്ചു

അടൂർ: ജസ്റ്റീസ് ജെ ബി കോശി കമ്മീഷൻ ദൈവസഭയുടെ ക്ഷേമ, വിദ്യാഭ്യാസ,സാമൂഹ്യ അവസ്ഥകളെപ്പറ്റി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി രൂപീകരിച്ചു. കേരളാ സ്റ്റേറ്റ് പ്രസ്ബിറ്റർ പാസ്റ്റർ മാത്യൂ ജോണിന്റെ അദ്ധ്യക്ഷതയിൽ ഡിസ്ട്രിക്ട് ബോർഡ് ചേർന്ന് ശ്രദ്ധേയമായ തീരുമാനം എടുത്തത്.പാസ്റ്റർ പി ജിജു(ഡിസ്ട്രിക്ട് സെക്രട്ടറി) അദ്ധ്യക്ഷനായും പാസ്റ്റർ പി എ പ്രദീപ്(യൂത്ത് മിനിസ്ട്രീസ് പ്രസിഡന്റ്) കൺവീനറായും ബ്രദർ സോണി കെ ജെ കോർഡിനേറ്ററായും വിവിധ ഡിപ്പാർട്ട്മെന്റ് ലീഡേഴ്സ്, സെക്ഷൻ പാസ്റ്റേഴ്സ്,സുവിശേഷകർ,യുവജന പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി വിപുലമായ കമ്മറ്റിയാണ് രൂപീകരിച്ചിരിക്കുന്നത്. വിവരശേഖരണവുമായി ബന്ധപ്പെട്ട് ചോദ്യാവലിയുമായി ബോധവൽക്കരണ സെമിനാറുകളും ചർച്ചകളും സമിതിയുടെ നേതൃത്വത്തിൽ നടക്കും.

## അമേരിക്കയിലെ കൂറ്റൻ ക്രിസ്തു രൂപത്തിൽ ഭ്രൂണഹത്യ അനുകൂല ബാനർ: പ്രതിഷേധം

സ്ഥലത്തേക്ക് എത്തിയത്. 1966 ൽ സ്ഥാപിച്ചതാണ് ഈ ക്രിസ്തുരൂപം. സംസ്ഥാനത്തും മറ്റ് സ്ഥലങ്ങളിലും ഭ്രൂണഹത്യ നിരോധിക്കാൻ നടക്കുന്ന ശ്രമങ്ങൾക്കെതിരെയുള്ള പ്രതിഷേധങ്ങളുടെ ഭാഗമായാണ് ബാനർ കെട്ടിത്തൂക്കിയതെന്നാണ് സംഘടനയുടെ വ്യാഖ്യാനം. എന്നാൽ ഇതിനെതിരെ പ്രതിഷേധം അണപൊട്ടിയൊഴുകുകയാണ്.

ദി ഗ്രേറ്റ് പാഷൻ പ്ലേ എന്ന സംഘടനയാണ് രൂപത്തിന്റെ മേൽനോട്ടം വഹിക്കുന്നത്. ഇൻഡിക്സയിൻ ബാനർ സ്ഥാപിച്ച കാര്യത്തെപ്പറ്റി ഒരു മാധ്യമം റിപ്പോർട്ട് ചെയ്തപ്പോഴാണ് ജീവനക്കാർ വിവരമറിയുന്നതെന്ന് സംഘടന വ്യക്തമാക്കി. ബൈബിൾ മ്യൂസിയം, ആർട്ട് മ്യൂസിയം,ചരിത്ര മ്യൂസിയം തുടങ്ങിയവയും സംഘടനയുടെ മേൽനോട്ടത്തിൽ ഇവിടെത്തന്നെ പ്രവർത്തിക്കുന്നുണ്ട്. സംഘടനയുടെ വെബ്സൈറ്റിൽ പറയുന്നത് അനുസരിച്ച് ഓരോ വർഷവും അഞ്ച് ലക്ഷത്തോളം ആളുകളാണ് യുറേക്ക സ്പ്രിങ്സിലുള്ള ക്രിസ്തു രൂപം കാണാനെത്തുന്നത്.

ക്രിസ്തുവിന്റെ രൂപത്തിൽ ഭ്രൂണഹത്യ അനുകൂല ബാനർ സ്ഥാപിച്ചതിലൂടെ ഇൻഡിക്സയിൻ സംഘടന നൽകാൻ ഉദ്ദേശിച്ച സന്ദേശം ആളുകളുടെ ഇടയിൽ എത്തിയില്ലായെന്ന് മാത്രമല്ല അവരുടെ ശ്രദ്ധ യേശുവിലേക്ക് തിരിയുമെന്നാണ് പ്രതീക്ഷയെന്ന് ദി ഗ്രേറ്റ് പാഷൻ പ്ലേയുടെ ഡയറക്ടർ ഓഫ് ഓപ്പറേഷൻസ് ചുമതലയുള്ള കെന്റ് ബട്ട്ലർ പറഞ്ഞു. ഇത്തരമൊരു സംഭവം ആവർത്തിക്കാതിരിക്കാൻ രൂപത്തിന് 24 മണിക്കൂറും സംരക്ഷണം കൊടുക്കേണ്ടതുണ്ട്. അതേസമയം ബാനർ രൂപത്തിൽ നിന്നും നീക്കം ചെയ്തു. ഇത് ആദ്യമായിട്ടല്ല ഇൻഡിക്സയിൻ സംഘടന ക്രൈസ്തവ വിരുദ്ധ പുറത്തു കാട്ടുന്നത്.മാർച്ച് മാസത്തിൽ ക്രൈസ്തവ ബിൽബോർഡിലെ ക്രിസ്തു രക്ഷിക്കുമെന്ന ഒരു വാചകം മാറ്റി ഭ്രൂണഹത്യ അനുകൂല വാചകം സംഘടന എഴുതി ചേർത്തിരുന്നു.

THE ENDTIME NEWS




Available on the iPhone App Store
ANDROID APP ON Google play

# ലവോദിക്യയും നാഥനും



**ഡിസൻ**

ലവോദിക്യയെപ്പറ്റി കേട്ടിട്ടില്ലാത്തവർ ഉണ്ടെന്നു തോന്നുന്നില്ല. എങ്കിലും അവൾക്കു തന്റെ പ്രിയനോടുള്ള മനോഭാവത്തെക്കുറിച്ച്, അദ്ദേഹത്തോട് ബന്ധപ്പെട്ട ആർക്കും പറയാതിരിക്കാൻ കഴിയിന്നതല്ല. എന്തുകൊണ്ടെന്നാൽ അവൾ അദ്ദേഹത്തിന്റെ പേരിൽ ചാകാൻ നടക്കുന്ന മട്ടിലാണ് അവളുടെ ഭാവവും തിടുക്കവും പക്ഷേ അദ്ദേഹം ആ വീട്ടിൽ അന്തി ഉറങ്ങിയിട്ട് തന്നെ കാലങ്ങളായി വന്നു മുട്ടിയാൽ ഒന്നു തുറന്നു കൊടുക്കാൻ ലവോദിക്യക്ക് നേരമില്ലത്രെ.

ആന്തരിക തലത്തിലെ മന്ദേഷ്ണ ഫലമായുള്ള വേകാത്ത വസ്തുവായി, ഫലമനുഭവിക്കാനെത്തുന്ന തന്റെ ഉടമസ്ഥൻ തുപ്പിക്കളയത്തക്ക രുചിയാണ് ലവോദിക്യയുടേത്. എങ്കിലും തനിക്കു സ്വന്തമായുള്ള ഇഹപര നന്മകളുടെ സമൃദ്ധിയെക്കുറിച്ച് എല്ലാം കൃപയാൽ ആണെന്ന് അവൾ ആണയിട്ട് പറയുന്നു. അപ്പോൾ തന്നെ ചെയ്തികളെക്കുറിച്ച് സ്വന്തം ആത്മ നാഥൻ തൃപ്തനല്ല എന്നുള്ളത് തനിക്ക് അറിയാമായിരുന്നിട്ടും അവൾ അതിനു വലിയ പ്രാധാന്യമൊന്നും കൽപ്പിക്കുന്നില്ല. കാരണം, നാശകരമായ കുഴിയിൽ നിന്നും കുഴഞ്ഞ ചേറ്റിൽ നിന്നും കയറ്റി തന്റെ ജീവിതത്തിലെ അസ്വസ്ഥതകളും അതൃപ്തിയും ഇല്ലാതാക്കിയതിന് തന്റെ സംതൃപ്തിയെക്കുറിച്ചുള്ള വിചാരമേയുള്ളൂ എന്നവൾ പറയുന്നു. ഇപ്രകാരം, സ്വന്തം സംതൃപ്തിയ്ക്ക് വേണ്ടിയുള്ള പരിശ്രമങ്ങൾക്കിടയിൽ താൻ ശരിയാണെന്ന് വരുത്തി തീർക്കാൻ ശ്രദ്ധിക്കുമ്പോഴും പരിഹാസ വിഷയമാകുന്നതിൽ ആർക്കും സഹതാപം തോന്നും! എന്നിട്ടും, ഇതെല്ലാം കർത്താവ് കാണുന്ന എന്ന ചിന്തപോലും ഇല്ലാത്ത ശൈലിയാണ് ലവോദിക്യ തുടർന്ന് പോരുന്നത്.

കൈവിടുകില്ലിനി ഒരുനാളും എന്ന് വാക്ക് പറഞ്ഞവൻ മാറിടുമോ? എന്നവൾ പാടികൊണ്ടിരിക്കുന്നു കൃപയാലാണ് രക്ഷ പ്രവർത്തിയാലല്ല എന്ന പ്രസംഗം ലവോദിക്യ മനപാഠമാക്കിയിട്ടുണ്ട് പക്ഷേ മാനസാന്തരത്തിന് യോഗ്യമായ പ്രവർത്തികൾ ചെയ്യാതെയും ശിക്ഷാ യോഗ്യമായ അവസ്ഥയെ പ്രാപിച്ചുകൊണ്ടിരിക്കുന്നു എന്ന സത്യവസ്ഥ അംഗീകരിക്കാതെയും ബലഹീനതകളിൽ സഹതാപം കാണിക്കുന്ന നല്ല മഹാപുരോഹിതൻ തനിക്കുണ്ട് എന്നുള്ള അന്ധമായ അവകാശവാദംഉന്നയിച്ചുകൊണ്ടാണ് ലവോദിക്യ ദൈവത്തോട് പ്രാർത്ഥിക്കുന്നത് പോലും.

കർത്താവ് ലവോദിക്യയെക്കുറിച്ച് പറയുന്ന നികൃഷ്ടവും ദയനീയവുമായ ദരിദ്രാവസ്ഥ അവളുടെ മുഖത്ത് തന്നെ പ്രതിഫലിക്കുന്നു ഭാവികാലം ഓർത്ത് കൊണ്ടുള്ള പുഞ്ചിരിയല്ല വർത്തമാനകാല അനുഭവങ്ങൾക്ക് വേണ്ടിയുള്ള തിടുക്കത്തിലാണ് അവൾ.

സ്വാഭിപ്രായത്തെ മുഖവിലയ്ക്ക് അംഗീകരിക്കാത്തവരെക്കൂടി ഉൾക്കൊള്ളാൻ കഴിയാതെ ഇടുങ്ങി മനോഭാവത്തിൽ ആത്മീകരെയും ആത്മാക്കളുടെ ഉടയവനെയും ലവോദിക്യ നഷ്ടപ്പെടുത്തിയിരിക്കുന്നു. തന്നെക്കുറിച്ച് കുറ്റം മാത്രം പറയുന്ന കർത്താവ് പുറത്താണല്ലോ നിൽക്കുന്നത് ഇനിയും ഒന്ന് തുറന്ന് കൊടുത്ത് അകത്ത് പ്രവേശിപ്പിക്കാം എന്ന് വച്ചാൽ തന്നെ, മറ്റൊന്നും കർത്താവിന് പറയാൻ ഉണ്ടാവില്ല എന്നും അവൾക്ക് ചിന്തയില്ലാതായി.

ജീവൻ നൽകി രക്ഷിച്ചവന്റെ സ്നേഹത്തെയും അവിടുത്തെ ഹിത



# ലേഖനം



ത്തെയും കാര്യമാക്കാതെ ആത്മാവിനെക്കാൾ ശരീരത്തെയും ദാതാവിനെക്കാൾ ദാനങ്ങളെയും ഇഷ്ടപ്പെടുന്ന ലവോദിക്യ. ഈ ഇടയായി വലിയൊരു ചിന്താക്കുഴപ്പത്തിലും ആയിരിക്കുകയാണ് അതെന്തെന്നാൽ, തന്റെ ദാതാവ് ആരാണെന്നുള്ളതിൽ പോലും അവൾക്ക് സംശയമുണ്ട്. കാരണം, കർത്താവിന്റെ ദാതാവാകാൻ ചെന്നവന്- പിശാചിന്, വിധേയപ്പെടുകയോ ഇടം കൊടുക്കുകയോ ചെയ്തുപോയോ എന്നുള്ളതാണ്! ഈ വിഷയത്തിൽ ഒരു അസ്വസ്ഥതയോടെയാണ് ലവോദിക്യ സംസാരിക്കുന്നത്.

തന്റെ സ്വന്തരക്തം ചൊരിഞ്ഞ് ലവോദിക്യയെ രക്ഷിച്ച കർത്താവ് അവളെ വിട്ടു നിൽക്കാൻ പ്രേരിപ്പിക്കപ്പെട്ട വസ്തുത എന്താണ്? അതായത് രണ്ടോമൂന്നോ പേർ തന്റെ നാമത്തിൽ കൂടി വരുന്നേടത്തൊക്കെയും അവരുടെ മദ്ധ്യേ തന്റെ സാന്നിദ്ധ്യം ഉണ്ടായിരിക്കുമെന്ന് താൻ വാക്കുകൊടുത്തിരുന്നതാണ്; ചെറിയ ആട്ടിൻകൂട്ടമേ നിങ്ങൾ ഭയപ്പെടരുത് എന്നും അവിടുന്ന് പറഞ്ഞിരുന്നു. പക്ഷേ രണ്ടോ മൂന്നോ പേർ എന്നു വച്ചാൽ ചെറിയ ആട്ടിൻകൂട്ടം എന്നതുമാറി, നൂറുകണക്കെ എന്നല്ല ആയിരം പതിനായിരങ്ങളെയും, ലക്ഷങ്ങളെയും ലക്ഷ്യമാക്കിയിരിക്കുകയാണ് ലവോദിക്യ.

കൂടിവരികയല്ല കൂട്ടിവരുത്തുകയാണ് അതിനുള്ള സാങ്കേതിക വിദ്യകൾ അവൾക്ക് സ്വന്തമായി തന്നെയുണ്ട്. കൂടാതെ, കൂടിവരുന്നവരുടെ മദ്ധ്യത്തിൽ ക്രിസ്തു സാന്നിദ്ധ്യത്തിനല്ല പ്രാധാന്യം നൽകിയിരിക്കുന്നത്. ലവോദിക്യയുടെ നേതൃത്വം എന്നതിനാണ്. എന്തിനേറെ മധ്യസ്ഥിതനായിരുന്ന കർത്താവ് ഒടുവിൽ വിട്ടു നിൽക്കാൻ തന്നെ തീരുമാനിച്ചു - തനിക്ക് പ്രാമാണികത്വമില്ലാത്ത കൂട്ടത്തിൽ നിന്ന്! അത് സംഭവിച്ചു: ആത്മനാഥൻരംഗത്തുനിന്ന് അപ്രത്യക്ഷനായി ലവോദിക്യ ആകട്ടെ അതറിയുകപോലും ഉണ്ടായില്ല. നികൃഷ്ഠമായ ദയനീയതയിലെ ദരിദ്രാവസ്ഥയിൽ അവൾക്ക് കാഴ്ചയും വസ്ത്രവും നഷ്ടപ്പെട്ടിരിക്കുന്നു.എന്നു മാത്രമല്ല താൻ മാത്രം അത് അറിയാതെയും ഇരിക്കുന്നു. ആത്മീകനില മാത്രമല്ല മനുഷ്യരുടെ കാഴ്ചയിൽപ്പോലും നീതിയായും മാന്യമായും വർത്തിക്കുവാൻ കഴിയാത്ത അധംപതനത്തിൽ തന്റെ രക്ഷിതാവ് ഉദ്ധാരണത്തിനുള്ള വഴി പറയുകയാണിവിടെ അതായത്, വിശ്വാസം മാത്രം പോര, അനുസരണം അനിവാര്യമാക്കിയിരിക്കുന്നു. എന്റെ കൽപ്പനകൾ ഭാരമല്ലെന്ന് പറഞ്ഞ കർത്താവ് ലവോദി




ക്യയോട് വിലകൊടുക്കാൻ ആവശ്യപ്പെടുന്നു. മൂന്നു കാര്യങ്ങൾക്കാണ് വിലകൊടുക്കേണ്ടിയിരിക്കുന്നത് അതായത് സൗജന്യമായി പ്രാപിച്ച വിഭവങ്ങൾ വിലയറിഞ്ഞ് ഉപയോഗിക്കുന്നതിൽ പരാജയപ്പെട്ട ഉപഭോക്താവ് വീണ്ടും പ്രാപിക്കുന്നതിന് വേണ്ടി തക്കതായ വിലകൊടുത്തേ കഴിയൂ എന്നർത്ഥം.

1. പൊന്ന്

നികൃഷ്ഠവും ദയനീയവുമായ ദരിദ്രാവസ്ഥയ്ക്ക് പരിഹാരമായി തീയിൽ ശുദ്ധി ചെയ്ത പൊന്ന് വിലകൊടുത്ത് വാങ്ങണം. ദരിദ്രൻ വില കൊടുക്കണം. എന്തൊക്കെയാണോ ലവോദിക്യക്കുള്ളത് അവയാൽ ഇല്ലാത്തവ വാങ്ങണം സാരമായി കരുതിയവയെ അശ്രദ്ധയായി കരുതി നഷ്ടപ്പെട്ടവയ്ക്ക് വേണ്ടി വിനിയോഗിക്കണം - താൽക്കാലികമായവയെ നിത്യമായവയ്ക്കു വേണ്ടിയും!

ആധുനിക പെന്തക്കോസ്തു മാർഗ്ഗം സമൃദ്ധി വേദശാസ്ത്രത്തിൽ തളയ്ക്കപ്പെട്ടിരിക്കയാണ് കണ്ണല്ലാത്തതെല്ലാം പൊന്നാക്കാം അഥവാ ഈ കാണുന്നതൊക്കെ തരാം ഈ മോഹന വാഗ്ദാനവുമായി ഈ ലോകത്തിന്റെ പ്രഭുവായ സാത്താൻ കർത്താവിനെ സമീപിച്ച് പരാജയപ്പെട്ടു എങ്കിലും ലവോദിക്യയെ പ്രലോഭിപ്പിച്ച് വിജയിച്ചിരിക്കുകയാണ് തന്നെക്കുറിച്ചുള്ള കർത്താവിന്റെ വാക്കുകൾ മുഴുവൻ കുറ്റപ്പെടുത്തുന്നവ മാത്രമാണ്കർത്താവിന് ഇഷ്ടപ്പെട്ടവരോട് പറയാൻ ഉണ്ടായിരുന്നത് കേൾക്കണേ: ലോകത്തിൽ നിങ്ങൾക്ക് കഷ്ടമുണ്ട്; എങ്കിലും ധൈര്യപ്പെടുവിൻ..........അത്ര തന്നെ! കർത്താവ് ക്രൂശിൽ മരിച്ച് ആത്മ രക്ഷ നൽകി എന്നു പറഞ്ഞ് ഇങ്ങനെയൊക്കെ തുടങ്ങിയാൽ ലോകത്തിൽ ജീവിക്കണ്ടെ എന്നാണ് ലവോദിക്യ ചോദിക്കുന്നത്!

തീയിൽ ശോധന ചെയ്ത പൊന്ന് വിശ്വാസത്തിന്റെ പേരിൽ അനുഭവിക്കുന്ന ത്യാഗത്തെയും കഷ്ടതയെയും ആണ്



തുടർച്ച 07 പേജിൽ

കാണിക്കുന്നത്(1പത്രോ1:6,7) എന്ന് അവൾക്ക് അറിയാം. എന്നാൽ വിശ്വാസത്തിന്റെ പേരിൽ സമൃദ്ധിയും സുഖശീതളവുമായ അനുഭവങ്ങളും വയ്ക്കപ്പെട്ടിരിക്കുന്നതായി താൻ വിശ്വസിക്കുന്നു പക്ഷേ ഇത്തരം വിശ്വാസം ആത്മിയ പാപ്പരത്തത്തിൽ കൊണ്ടെത്തിച്ചിരിക്കുന്നതായി കർത്താവ് പറഞ്ഞപ്പോഴാണ് അവൾ അതേക്കുറിച്ച് ഓർത്തത് തന്നെ.

വിവാഹ നിശ്ചയം ചെയ്യപ്പെട്ടിരിക്കുന്നു എന്ന യാഥാർത്ഥ്യം നിലനിൽക്കുമ്പോൾ തന്നെ, വിവാഹ ദിവസം സമീപിക്കുന്നു എന്ന ചിന്തയും ഒരുക്കവും കൂടാതെ, ഏകാഗ്രതയും നിർമ്മലതയും നഷ്ടപ്പെട്ടുകൊണ്ടാണിരിക്കുന്നത് യൗവ്വനയുക്തയും ആരോഗ്യവതിയുമായ ഒരു സ്ത്രീയല്ല, നിർമ്മല കന്യകയെയാണ് സഭാ നാഥൻ വേളികഴിക്കുന്നത്! കന്യകാത്വം നഷ്ടപ്പെട്ടാലും യൗവ്വനവും സൗന്ദര്യവും- ആസ്തിയും പ്രൗഢിയും ഒക്കെക്കൂടിയുണ്ടല്ലോ എന്ന് ലവോദിക്യ ചിന്തിക്കുന്നില്ല. ലോകസ്നേഹം മൂലം നഷ്ടമാകുന്നവയെ സാരമില്ലെന്ന് കരുതാവുന്നതല്ല! വ്യഭിചാരിണികളായുള്ളോരെ, ലോകസ്നേഹം ദൈവത്തോട് ശത്രുത്വം ആകുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ?(യാക്കോ4:4) എന്ന ദൈവവചനം തന്നോടല്ലെന്ന് അവൾ കരുതുന്നുണ്ടാകണം.

പ്രിയന്റെ സാന്നിദ്ധ്യവും സൗഹൃദവും ലഭിക്കുന്നതിനേക്കാൾ തനിക്കു പ്രിയപ്പെട്ട ഇതരവിഷയങ്ങളിൽ കണ്ണുവച്ചിരിക്കുകയാണ്. പ്രിയൻ പുറത്താണ് നിൽക്കുന്നതെന്നോർക്കുക! ലവോദിക്യയുടെ സ്വഭാവം അംഗീകരിക്കുവാൻ തനിക്കു തീരെയും കഴിയുന്നില്ല. കാരണം, വിശ്വാസത്തിന്റെ പേരിൽ തനിക്കെത്രത്തോളം സുഖസൗകര്യങ്ങളുണ്ടാക്കാം എന്ന ആത്മീക പാപ്പരത്വ ചിന്ത അവിടുത്തെ ഹൃദയത്തെ വേദനിപ്പിക്കയത്രെ. എന്നാൽ, വിശ്വാസത്തിന്റെ പേരിലുള്ള കഷ്ടതയാകുന്ന തീച്ചൂളയിൽ ധൈര്യസമേതം കടന്നുപോകുന്ന വരെ, തീയിൽ ഊതിക്കഴിച്ച പൊന്നുള്ളവരായി സ്വർഗ്ഗം അംഗീകരിക്കുന്നു.

2. വെള്ളയുടുപ്പ്

പണ്ടൊരു രാജാവിനെ കൗശലക്കാരനായ നെയ്ത്തുകാരൻ വാക്കു കൊണ്ട് വസ്ത്രം ധരിപ്പിച്ച പ്രകാരമാണ് ലവോദിക്യയുടെ വസ്തരത്തെക്കുറിച്ച് പറയേണ്ടിയിരിക്കുന്നത്. രാജാവേ, അതീന്ദ്രിയ ധ്യാനം ശീലിച്ചവർക്കു മാത്രമെ, തിരുമനസ്സുകൊണ്ടു ധരിച്ചിരിക്കുന്ന വസ്ത്രം ദൃഷ്ടിയിൽ പെടുക മാത്രമെ തിരുമനസ്സുകൊണ്ടു ധരിച്ചിരിക്കുന്ന




വസ്ത്രം ദൃഷ്ടിയിൽ പെടുകയുള്ളൂ രാജാവിന് നെയ്ത്തുകാരനെ വിശ്വാസമാണ്; രാജാവ് തനിക്കു പോകേണ്ടിടത്തേക്ക് എഴുന്നെള്ളാൻ പിന്നെതാമസിച്ചില്ല. തൽസമയം, രാജവസ്ത്രത്തിന്റെ പ്രത്യേകയെക്കുറിച്ച് അറിഞ്ഞിരുന്ന പ്രജകൾ താന്താങ്ങളുടെ ഹൃദയദൃഷ്ടികൾ പ്രകാശിക്കാത്ത കുറ്റബോധത്തോടെ അതാരും അറിയേണ്ട എന്നു ചിന്തിച്ച് കൊണ്ട് രാജഭക്തിയോടെ വണങ്ങി കൈകൂപ്പി നിന്നു. തൽസമയം അൽപ്പം അകലെ നിന്നിരുന്ന ഒരു കൊച്ചുപയ്യൻ:

വിളിച്ചു പറഞ്ഞു- പിള്ള മനസ്സിൽ കള്ളമില്ലല്ലോ സത്യത്തിന്റെ ശബ്ദം തീർത്തും നിലച്ചു പോകുന്നില്ല.

ലവോദിക്യയുടെ അഥവാ ആധുനിക ലോകത്തിന്റെ ലജ്ജയിമില്ലായ്മ അന്ത്യകാലത്തിന്റെ മുഖമുദ്രയായി പരിഗണിക്കേണ്ടതാണ്- അക്ഷരാർത്ഥത്തിൽ പോലും.

ജീവിത വിശുദ്ധിയും വേർപാടുംജീവിത പാന്ഥാവിൽ കൈമോശം വന്ന ലവോദിക്യ ഇതുവരെ വെള്ളയുടുപ്പു വാങ്ങാതെ ഏതോ ധാരണകൾ വച്ചു പുലർത്തുന്നതായിട്ടാണ് അറിയുന്നത്. ഗുരുനാഥൻ മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റിട്ടും ജീവിക്കണ്ടേ എന്നും പറഞ്ഞ് പഴയ വലയുമായി കൂട്ടുകാരോടൊത്ത് മീൻപിടിക്കാൻ കടലിൽപോയ പിൻമാറ്റക്കാരുടെ പ്രമാണിയായ പത്രോസ് ഗുരുവായ കർത്താവിനെ കണ്ടപ്പോൾ വെള്ളത്തിൽ ചാടിക്കൊണ്ടാണല്ലോ



തന്നെത്താൻ മറച്ചത്! അത്രയും ഗുരുതരമായിരുന്നു ശിഷ്യപ്രമുഖന്റെ പിന്മാറ്റം അതേപോലെ ലോകസ്നേഹിയായ ലവോദിക്യയും, ആത്മമണവാളൻ മദ്ധ്യാകാശത്തിൽ പ്രത്യക്ഷനാകുമ്പോൾ ലോകസമുദ്രത്തിന്റെ ആഴങ്ങളിലേക്കു ചാടാനാവും കരുതിയിരിക്കുന്നത്!! എന്തായാലും അവൾക്കോരു തീരുമാനം ഇല്ലാതെ വരില്ലല്ലോ?

3.ലേപം

ദൂരക്കാഴ്ചയില്ലാത്തതിനാൽ ഐഹിക വിഷയങ്ങുടെ പേരിൽ ലവോദിക്യ വട്ടം കറങ്ങുകയാണ്. അടുത്തകാഴ്ചയ്ക്ക് കണ്ണിൽ പിടിച്ച കാര്യങ്ങളാണെങ്കിൽ മനസ്സുപോലെയുണ്ടല്ലോ. ഉള്ള കാഴ്ചതന്നെ ധാരാളം എന്ന ചിന്തയാണവൾക്ക്. കർത്താവുതന്ന കാഴ്ചയാണത്രെ. പക്ഷെ നടക്കുന്ന മനുഷ്യരെ നിൽക്കുന്ന മരത്തെപ്പോലെയാണ് കാണുന്നത്.(മർ8:23,25) മനുഷ്യരെ നോക്കുമ്പോൾ മനുഷ്യരായ് തന്നെ കാണുന്നത് ചിലവുണ്ടാക്കുന്ന കാര്യമാണല്ലോ. മനുഷ്യരെ മരങ്ങളായി കാണുന്നപക്ഷം ചിലവു ചെയ്യേണ്ടി വരില്ല എന്നുമാത്രമല്ല സ്വന്തം കീശ വീർപ്പിക്കാൻ വകയുണ്ടാകാനാണ് സാധ്യത. എന്നാൽ വികലമായ കാഴ്ചയെ കർത്താവ് പ്രോത്സാഹിപ്പിച്ചില്ല; അന്ന് കുരുടന് ശരിയായകാഴ്ച നൽകി മാത്രമെ പറയച്ചുള്ളൂ ഇന്ന് ലവോദിക്യയുടെ അന്ധതയും കർത്താവ് അംഗീകരിക്കുന്നില്ല.

ലവോദിക്യയുടെ കാഴ്ചയ്ക്ക് വേണ്ടി അവൾ ലേപം വിലയ്ക്കുവാങ്ങേണ്ടതാണ്. ദൈവവചനവും ദൈവാത്മാവാണ് പ്രസ്തുത ലേപത്തിന്റെ ചേരുവ. രുചികരമായ ഭക്ഷണം പോലെ അവൾ മറ്റുള്ളവർക്കുവേണ്ടി ദൈവവചനം തന്റെ വായിലെടുക്കുമെങ്കിലും പ്രായോഗിക ജീവിതത്തിൽ അത് തന്റെ പിന്നിൽ(മലംപോലെ) ഉപേക്ഷിക്കപ്പെട്ട നിലയിലാണ്! സങ്കീ(50:16,17) പരിശുദ്ധാത്മാവ് എന്ന പേരിൽ ലവോദിക്യ പ്രാപിച്ചതും പ്രയോഗത്തിലുള്ളതുമായ ആരും സംശയിക്കരുതെന്നാണ് അവളുടെ വാദം! ഏതാത്മാവിനെയും പരിശോധിക്കണമെന്ന് അപ്പോസ്തലിക ഉപദേശമുള്ളപ്പോൾ അവൾ പറയുന്നതാകട്ടെ, അതിന്റെ ആവശ്യമില്ലെന്നാണ്, നീ കീറിമുറിച്ച് പരിശോധിച്ചാൽ ദൈവം നിന്നെ കീറും എന്നൊരു ഭീഷണിയും ഈയിടെ അവൾ മുഴക്കിയിരുന്നു. ഇക്കണക്കിന് കാഴ്ച ശരിയാകുന്ന ലക്ഷണമില്ല! കാരണം, ദൈവവചനം അനുസരിക്കാൻ തയ്യാറായില്ലെങ്കിൽ നല്ലയാത്മാവിനെ കിട്ടുകയില്ലല്ലോ. വല്ല ആത്മാവിനെയും(2തെസ്സ2:2) അല്ലേ ലഭിക്കുന്നുള്ളൂ? മാത്രമല്ല ഇപ്പോഴത്തെ കൂടിവരവുകൾ, പ്രിയന്റെ നാമത്തിൽ തന്നെ ആയിരിക്കണമെന്ന് നിർബന്ധമില്ലെന്ന് ലവോദിക്യൻ കുടുംബത്തിൽ അഭിപ്രായം ഉയർന്നിട്ടുണ്ട്. തന്മൂലം, ഇത് പെന്തക്കോസ്ത് യുഗമായത് കൊണ്ട് പരിശുദ്ധാത്മാവിനോട് പ്രാർത്ഥിച്ചാൽ മതിയെന്ന് തീരുമാനത്തിലെത്തിയതായിട്ടാണ് അറിയുന്നത്. ജീവൻ നൽകി രക്ഷിച്ചവനോടൊന്ന് മിണ്ടാൻപോലും താത്പര്യമില്ലെന്ന്ചുരുക്കം. ഈ അവഗണനമൂലമല്ലേ അവിടുന്ന് പുറത്തു നിൽക്കുന്നത്. തന്നോടുള്ള ആത്മാർത്ഥതയുടെ പേരിൽ തീയിൽ എറിയപ്പെടുന്നവരുണ്ടെങ്കിൽ അവരോടുള്ള കൂട്ടായ്മയ്ക്കു വേണ്ടി തീച്ചൂളയിൽ ഇറങ്ങിച്ചെന്ന ചരിത്രമുള്ളവനാണ് ലവോദിക്യയുടെ നാഥൻ.

ലവോദിക്യ സ്വയംസംതൃപ്തി ഉപേക്ഷിക്കണം. ആത്മപ്രശംസയുടെ മൂഢജല്പനങ്ങൾ നിർത്തിയ ശേഷം കേൾക്കുവാൻ തയ്യാറാകണം. സർവ്വജ്ഞാനിയുടെ ശബ്ദത്തിനു വേണ്ടി കാതോർത്ത് നിശബ്ദത പാലിക്കണം. അങ്ങനെ കണ്ണു തെളിഞ്ഞിട്ട് സ്വന്തയവസ്ഥ കാണേണ്ടതാണ്. ശ്രദ്ധയും അനുസരണവുമാണ് യാഗത്തെക്കാൾ ദൈവത്തിന് പ്രസാദം! അനുസരണം കെട്ടവരുടെ സ്നേഹവും ആരാധനയുമൊന്നും അവിടുത്തേക്കാവശ്യമില്ല എന്നുള്ളത് അവൾ മറന്നിരിക്കുന്നുവോ? തനിക്ക് അനിഷ്ടമായ വിഭവങ്ങൾ നിറഞ്ഞ അന്തരീക്ഷമാണ് കർത്താവിനെ പുറത്തുനിൽക്കാൻ പ്രേരിപ്പിച്ചതെങ്കിൽ, തനിക്കിഷ്ട വിഭവങ്ങൾ ഒരുക്കുന്നവർ വാതിൽ തുറന്നാൽ അകത്ത് പ്രവേശിപ്പിച്ച് അത്താഴം ആസ്വദിക്കയും ആസ്വദിപ്പിക്കയും ചെയ്യാൻ അവിടുന്ന് ആഗ്രഹിക്കുന്നു.

ഉണർവ്വിന്റെ പേരിൽ ലോകസ്നേഹത്തിൽ മുഴുകിയ ഉറക്കപ്പിച്ചും, ആത്മവിവശതയുടെ പേരിലുള്ള മാനസിക വിഭ്രാന്തിയും വിട്ടെഴുന്നേറ്റ് കർത്താവിനെ പുറത്തു നിർത്താതെ അകത്തു സ്വീകരിക്കുകയും സുബോധത്തോടെ തൃക്കാല്ക്കൽ ഇരിക്കയും ചെയ്യുന്ന ലവോദിക്യയെ ലോകമൊന്ന് ദർശിച്ചെങ്കിൽ അവിടുത്തെ വരവിനു മുമ്പായി.

ദൂരക്കാഴ്ചയില്ലാത്തതിനാൽ ഐഹിക വിഷയങ്ങുടെ പേരിൽ ലവോദിക്യ വട്ടം കറങ്ങുകയാണ്. അടുത്തകാഴ്ചയ്ക്ക് കണ്ണിൽ പിടിച്ച കാര്യങ്ങളാണെങ്കിൽ മനസ്സുപോലെയുണ്ടല്ലോ. ഉള്ള കാഴ്ച തന്നെ ധാരാളം എന്ന ചിന്തയാണവൾക്ക്. കർത്താവുതന്ന കാഴ്ചയാണത്രെ. പക്ഷെ നടക്കുന്ന മനുഷ്യരെ നിൽക്കുന്ന മരത്തെപ്പോലെയാണ് കാണുന്നത്.(മർ8:23,25)



# ഡൽഹിയിൽ 400 കുടുംബങ്ങളുടെ ആശ്രയമായിരുന്ന കത്തോലിക്ക ദേവാലയം സർക്കാർ തകർത്തു

ന്യൂഡൽഹി: ദക്ഷിണ ഡൽഹിയിലെ ഫരീദാബാദ് സീറോ മലബാർ രൂപതയുടെ കീഴിലുള്ള ലാദോസ് സെറായി ലിറ്റിൽ ഫ്ലവർ കത്തോലിക്ക ദേവാലയം സർക്കാർ അധികൃതർ ജെസിബി വെച്ച് തകർത്തു. നാനൂറോളം കുടുംബങ്ങൾ 1500 വിശ്വാസികൾ ശുശ്രൂഷകൾക്കായി ആശ്രയിച്ചിരുന്ന ദേവാലയമാണ് തകർക്കപ്പെട്ടത്. അനധികൃതമായി നിർമ്മിച്ചുവെന്നാരോപിച്ചായിരുന്നു യാതൊരു മുന്നറിയിപ്പുമില്ലാതെ ഭരണകൂട നേതൃത്വത്തിന്റെ ക്രൂരത.

കഴിഞ്ഞ വെള്ളിയാഴ്ചയാണ് ദേവാലയം പൊളിച്ചുമാറ്റണമെന്ന് നോട്ടീസ് ലഭിച്ചത്. നോട്ടീസിന് മറുപടി കൊടുക്കാൻ പോലും സമയം നൽകാതെയാണ് പള്ളി പൊളിച്ചുമാറ്റിയതെന്ന് വിശ്വാസികൾ പറഞ്ഞു.സംഭവം അറിഞ്ഞ് എത്തിയ വിശ്വാസികളെ പോലീസ് തടഞ്ഞു.ആളുകൾ ഒന്നടങ്കം ദേവാലയ പരിസരത്ത് പ്രാർത്ഥനാ യജ്ഞം സംഘടിപ്പിച്ചു. തകർത്ത ദേവാലയത്തിന്റെയും വിശ്വാസികൾ പ്രാർത്ഥന നടത്തുന്നതിന്റെയും




ദൃശ്യങ്ങളും പുറത്തുവന്നതോടെ സോഷ്യൽ മീഡിയായിൽ പ്രതിഷേധം ശക്തമാകുകയാണ്.

എൻഡ് ടൈം ന്യൂസിന്റെ എഡിറ്റർ സിസ്റ്റർ ഷേർലിയുടെ

## മാതാവ് നിത്യതയിൽ

ആദരാഞ്ജലികൾ



ലൈസാമ്മ കുഞ്ഞപ്പൻ (78)

Mother of Sis. Sherly Kunjappan

29 JULY 2021
FUNERAL 4:00 PM ALAPPUZHA

END TIME RADIO 24X7 FAMILY
www.theendtimeradio.com
Endtimeradio24x7



# ഞാൻ ഭയപ്പെടുകയില്ല






jiji babu

**കോ**വിഡ് 19 കേൾക്കു
മ്പോൾ തന്നെ എല്ലാവർക്കും
ഉള്ളിലൊരു ഭയം എന്താണ്
കാരണം? ഒരുപാടു ആളു
കൾ കോവിഡിന്റെ അറ്റാ
ക്കിൽ മരണമടഞ്ഞു.
പലർക്കും അച്ഛനെയോ,
അമ്മയെയോ,മക്കളെയോ,ഭാ
ര്യയെയോ, സഹോദരനെ
യോ, സഹോദരിയെയോ
ഒക്കെ നഷ്ടപ്പെട്ടു എന്നു
വരാം. പ്രിയരെ നമുക്കു
സംരക്ഷണ തരേണ്ടതു
ദൈവം മാത്രമാണ്. മനുഷ്യ
നിർമ്മിത വൈറസ്സിനാൽ മനു
ഷ്യർ മരിക്കേണ്ടി വരുന്ന
അവസ്ഥ എന്നാൽ ദൈവം
നമ്മോടു പറഞ്ഞ വാഗ്ദത്ത
മെന്താണ് 91-ാം
സങ്കീർത്തനം പറയുന്നു.
3-ാം വാക്യം അവൻ നിന്നെ
വേട്ടക്കാരന്റെ കെണിയിൽ
നിന്നും നാശകരമായ മഹാമാ
രിയിൽ നിന്നും വിടു
വിക്കും.അപ്പോ ഈ മരിച്ച
വരെയൊക്കെ ദൈവം സംര
ക്ഷിക്കാഞ്ഞിട്ടാണോ. ഒരിക്ക
ലുമല്ല പ്രിയരെ മരണത്തിന്റെ
മേൽ അധികാരവും ദൈവ
ത്തിനു മാത്രമാണ്. അതു
കൊണ്ടല്ല സാത്താൻ ഇയ്യോ
ബിനെ പരീക്ഷിക്കുവാൻ പല
പല തന്ത്രങ്ങൾ മെനഞ്ഞ
പ്പോൾ എന്റെ ദാസനായ
ഇയ്യോബിന്റെ പ്രാണനെ
മാത്രം തൊടരുത് എന്ന്
കൽപ്പിച്ചു പ്രാണന്റെ മേൽ
അധികാരം ദൈവത്തിനുത
ന്നെയാണ്. നാശകരമായ
മഹാമാരിയിൽ നിന്നും വിടു
വിക്കാം എന്ന ഉറപ്പ് മാത്രമല്ല
പ്രിയരെ സങ്കീ32:7 പറയുന്നു.
നീ എന്റെ മറവിടമാകുന്നു.
നീയെന്നെ കഷ്ടത്തിൽ
നിന്നും സൂക്ഷിക്കും ,
സൂക്ഷിക്കും എന്ന ഉറപ്പ്
നൽകുന്നു. ഇരുട്ടിൽ സഞ്ചരി
ക്കുന്ന മഹാമാരിയെയും
ഉച്ചയ്ക്കു നശിപ്പിക്കുന്ന
സംഹാരത്തെയും നിനക്കു
പേടിപ്പാനില്ല. മഹാമാരിയോ
ക്ഷാമമോ ഭൂകമ്പമോ എന്തും
വരട്ടെ, തന്റെ മറവിടത്തിൽ മറ
യ്ക്കുമെന്നും കഷ്ടത്തിൽ
നിന്നും സൂക്ഷിക്കാമെന്നും
പറഞ്ഞ ദൈവവാഗ്ദത്തം, വിശ്വ
സിക്കുക ഞാൻ അത്യുന്നതന്റെ
മറവിലാണ് സർവ്വശക്തന്റെ നിഴ
ലിൻ കീഴിലാണ് പാർക്കുന്നത്
അതുകൊണ്ടു അവനെന്റെ
സങ്കേതമാണ് കോട്ടയാണ്
എന്നെ രക്ഷിക്കുവാൻ അവിടന്ന
ശക്തനെന്ന ഉറപ്പും ദൃഢ
ധൈര്യവും ഉണ്ടാകട്ടെ. നമുക്ക്
ധൈര്യത്തോടെ ഭയം കൂടാതെ
പറയാം. ദൈവം എന്നോടുകൂ
ടെയുണ്ട്.
ഞാൻ ഭയപ്പെടുകയില്ല.

## അബ്രഹാമിന്റെ ജന്മദേശമായ ഊർ പട്ടണത്തിൽ പുതിയ ദേവാലയം ഒരുങ്ങുന്നു



**ബാഗ്ദാദ്:** ഇറാഖ് തലസ്ഥാനമായ ബാഗ്ദാദിന്റെ തെക്ക് ഭാഗത്തുനിന്നും 300 കിലോമീറ്റർ അകലെയുള്ള ലോവർ മെസൊപ്പൊട്ടോമിയയിലെ പുരാതന കൽദായ നഗരവും, പൂർവ്വപിതാവായ അബ്രഹാമിന്റെ ജന്മദേശമായി ഉൽപ്പത്തി പുസ്തകത്തിൽ പരാമർശിക്കുകയും ചെയ്യുന്ന ഊർ നഗരത്തിൽ പുതിയ കത്തോലിക്ക ദേവാലയം നിർമ്മിക്കുന്നു. ഇക്കഴിഞ്ഞ ജൂലൈ 10 ന് ഇറാഖിലെ കൽദായ പാത്രിയാർക്കീസ്കർദ്ദിനാൾ ലൂയിസ് റാഫേൽ സാക്കോയും, ഇറാഖി പ്രധാനമന്ത്രി മുസ്തഫ അൽ കദീമിയും പങ്കെടുത്ത കൂടിക്കാഴ്ചയിൽ ദേവാലയ നിർമ്മാണ പദ്ധതിയുടെ മുഖ്യ എഞ്ചിനീയറായ അദൗർ ഫതൗഹി പുതിയ ദേവാലയത്തിന്റെ രൂപകൽപന കൈമാറി.

തന്റെ സ്വപ്ന പദ്ധതിയായ ഈ ദേവാലയ നിർമ്മാണത്തിനുള്ള വ്യക്തിപരമായ സംഭാവന എന്ന നിലയിലാണ് കൽദായ എഞ്ചിനീയർ ഫതൗഹി രൂപകൽപന കൈമാറിയത്. ദേവാലയനിർമ്മാണത്തിന് വേണ്ട സഹായവും അദ്ദേഹം വാഗ്ദാനം ചെയ്യുകയുണ്ടായി. പുതിയ ദേവാലയത്തിന്റെ നിർമ്മാണ പദ്ധതിയെ കർദ്ദിനാൾ സാക്കോ ആശീർവദിക്കുകയും പദ്ധതിക്ക് വേണ്ടുന്ന പിന്തുണയും പ്രോത്സാഹനവും വാഗ്ദാനം ചെയ്തു.

ഊർ നഗരെ സന്ദർശിക്കുന്ന തീർത്ഥാടകർക്ക് പ്രത്യേകിച്ച് ക്രൈസ്തവർക്ക് കൂടിക്കാഴ്ച നടത്തുന്നതിനായി പുതിയ ദേവാലയത്തിന്റെ രൂപകൽപനയിൽ ഉൾപ്പെടുത്തിയിരിക്കുന്ന മുറിക്ക് ഫ്രാൻസീസ് പാപ്പയുടെ നാമം നൽകുവാനുള്ള തീരുമാനത്തെ പാത്രിയാർക്കീസ് പ്രത്യേകം അഭിനന്ദിച്ചുവെന്നും റിപ്പോർട്ടിൽ പറയുന്നു. പുതിയ ദേവാലയ നിർമ്മാണ പദ്ധതിക്ക് ഇറാഖി പ്രധാനമന്ത്രി അംഗീകാരം നൽകിയിട്ടുണ്ട്. ഈ വർഷം മാർച്ച് 5 മുതൽ 8 വരെ ഫ്രാൻസീസ് പാപ്പ ഇറാഖിൽ നടത്തിയ തന്റെ അപ്പസ്തോലിക സന്ദർശനത്തിന്റെ രണ്ടാം ദിവസത്തിൽ ഊർ നഗരത്തിൽ വെച്ച് പാപ്പ വിവിധ മതവിഭാഗങ്ങളുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. ഇസ്ലാം ഭൂരിപക്ഷ രാജ്യമായ ഇറാഖിലെ ക്രൈസ്തവ ജനസംഖ്യ ആകെ ജനസംഖ്യയുടെ വെറും 1.5% മാത്രമാണ്.




## പീഢിത ക്രൈസ്തവ സമൂഹത്തിന്റെ ശബ്ദമാകാനുള്ള ആഗ്രഹം തുറന്നു പറഞ്ഞ് ആസിയ ബീബി

**ഒന്റാറിയോ:** വ്യാജ മതനിന്ദാ കുറ്റത്തിന്റെ പേരിൽ ദീർഘനാൾ പാക്കിസ്ഥാനിലെ ജയിലിൽ കഴിഞ്ഞതിനുശേഷം മോചിതയായ ക്രൈസ്തവ വനിത ആസ്യ ബീബി പീഢിത ക്രൈസ്തവ സമൂഹത്തിന്റെ ശബ്ദമാകാനുള്ള തന്റെ ആഗ്രഹം അന്താരാഷ്ട്ര മതസ്വാതന്ത്ര്യ കൂട്ടായ്മയുടെ വീഡിയോയിലൂടെ വെളിപ്പെടുത്തി. ദൈവത്തിനും പാക്കിസ്ഥാനിലെ ജയിലിൽ നിന്നുള്ള മോചനത്തിന് വേണ്ടി പങ്കുവഹിച്ചവർക്കും ഇപ്പോൾ കാനഡയിൽ കഴിയുന്ന ആസിയ നന്ദി രേഖപ്പെടുത്തി. വേദനയിൽ നിന്നും പ്രതിസന്ധിയിൽ നിന്നും എന്നെ രക്ഷിച്ച കർത്താവിന് ഹൃദയത്തിന്റെ ആഴത്തിൽ നിന്നും നന്ദി പറയുന്നു. ഒരു പുതിയ തുടക്കത്തിനും, കുടുംബത്തോടുമൊപ്പം പുതിയ ജീവിതം ആരംഭിക്കാനും അവിടുന്ന് അവസരം തന്നു. ജയിലിൽ കഴിയുന്നവർക്കും വിവിധ തരത്തിലുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ക്രൈസ്തവ വിശ്വാസികൾക്കും വേണ്ടി ശബ്ദമുയർത്താനുള്ള ആഗ്രഹവും അവർ ആവർച്ച് പ്രകടിപ്പിച്ചു.

2009 ൽ ജോലിക്കിടെ കുടിവെള്ളം സംബന്ധിച്ച് അയൽക്കാരായ സ്ത്രീകളുമായുള്ള തർക്കമാണ് വ്യാജമതനിന്ദയുടെ പേരിൽ ആസിയയെ ജയിലിലാക്കിയത്. 2010 ൽ പാക്ക് കോടതി വധശിക്ഷ വിധിച്ചുവെങ്കിലും അന്താരാഷ്ട്ര സമൂഹത്തിന്റേയും മനുഷ്യാവകാശ പ്രവർത്തകരുടേയും ശക്തമായ സമ്മർദ്ദംമൂലം 2018 ൽ പാക് സുപ്രീം കോടതി കുറ്റവിമുക്തയാക്കുകയായിരുന്നു. എന്നാൽ ഇതേ തുടർന്ന് വലിയ പ്രക്ഷോഭമാണ് രാജ്യത്ത് അരങ്ങേറിയത്. പിന്നീട് അതീവ രഹസ്യമായി 2019 ൽ ആസിയ കുടുംബത്തോടൊപ്പം കാനഡയിലേക്ക് പോയി. ജയിലിലായിരുന്ന സമയത്ത് ഭർത്താവിനെയും കുട്ടികളെപ്പറ്റിയും ആശങ്കയുണ്ടായിരുന്നുവെങ്കിലും കർത്താവിൽ പ്രത്യാശ വെച്ചിരുന്നുവെന്ന് ആസിയ വെളിപ്പെടുത്തി.

## ന്യൂനപക്ഷ സ്കോളർഷിപ്പ് ക്രൈസ്തവ വിഭാഗത്തിനുള്ള വിഹിതം നാലരകോടിയായി ഉയരും

തിരുവനന്തപുരം: സർക്കാർ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് വഴി നല്കുന്ന വിവിധ സ്കോളർഷിപ്പുകളുടെ തുക 17.31 കോടിയിൽ നിന്നും 23.51 കോടിയായി ഉയർത്തി.

80:20 അനുപാതത്തിൽ നൽകിയിരുന്നപ്പോൾ ആറരക്കോടിയോളം രൂപ മുസ്ലീം വിദ്യാർത്ഥികൾക്കും ഒന്നരക്കോടിയോളം രൂപ ക്രൈസ്തവ വിഭാഗത്തിനുമാണ് ലഭിച്ചിരുന്നത്.മുസ്ലീം വിഭാഗത്തിനുള്ള ഈ വിഹിതം കുറയാതിരിക്കാനായി സി എച്ച് സ്കോളർഷിപ്പ് എട്ടുകോടിയിൽ നിന്ന് പത്തുകോടിയായി സർക്കാർ ഉയർത്തി. ഇതനുസരിച്ച് മുസ്ലീം വിദ്യാർത്ഥികൾക്ക് ആറരകോടി രൂപതന്നെ ലഭിക്കും. ക്രൈസ്തവ വിഭാഗത്തിനുള്ള വിഹിതം ഒന്നരക്കോടിയിൽ നിന്ന് നാലരക്കോടിയായി ഉയരും.

ക്രൈസ്തവ വിഭാഗത്തിന്റെ പ്രശ്നങ്ങൾ പഠിക്കാനായി നിയോഗിച്ച ജെ ഭി കോശി അധ്യക്ഷനായ സമിതിയുടെ റിപ്പോർട്ട് വരുന്നതുവരെ ന്യൂനപക്ഷ സ്കോളർഷിപ്പ് ഇതേ രീതിയിൽ തുടരാനാണ് സർക്കാർ തീരുമാനം. റിപ്പോർട്ടിലെ ശുപാർശയ്ക്കനുസരിച്ചായിരിക്കും മാറ്റം പരിഗണിക്കുക.

# ഛത്തീസ്ഗഢിൽ ക്രിസ്ത്യൻ മിഷണറിമാരെ നിരീക്ഷിക്കാൻ പോലീസ് ഉത്തരവ്: പ്രതിഷേധം ഉയരുന്നു

**റായ്പൂർ:** ഛത്തീസ്ഗഢിലെ സുക്മജില്ലയിൽ ക്രിസ്ത്യൻ മിഷനറി പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ പോലീസ് ഇറക്കിയ ഉത്തരവിനെതിരെ പ്രതിഷേധം ശക്തമാകുന്നു. പോലീസ് സൂപ്രണ്ട് പദവിയിലിരിക്കുന്ന സുനിൽ ശർമയാണ് ക്രൈസ്തവ മിഷനറിമാരുടേയും,ക്രൈസ്തവ വിശ്വാസം സ്വീകരിച്ച ആദിവാസികളുടേയും പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ കീഴുദ്യോഗസ്ഥർക്ക് സർക്കുലറിലൂടെ നിർദ്ദേശം നൽകിയത്. ഇഷ്ടമുള്ള വിശ്വാസം പിന്തുടരാൻ ആളുകൾക്ക് സ്വാതന്ത്ര്യമുണ്ടെന്ന് അംഗീകരിക്കുന്നുണ്ടെങ്കിലും മതപരിവർത്തനം നടത്തിയ ആളുകളുടെ കണക്ക് ശേഖരിക്കുവാൻ നിർദ്ദേശം ലഭിച്ചിട്ടുണ്ടെന്നും പരിവർത്തിത ക്രൈസ്തവരും മറ്റ് ആദിവാസികളും തമ്മിൽ പ്രശ്നമുണ്ടാകുന്നത് കുറയ്ക്കാനാണെന്നുമാണ് സുനിൽ ശർമ പറയുന്നത്.

ഭരണഘടന പ്രകാരം ആളുകളുടെ സ്വാതന്ത്ര്യം സംരക്ഷിക്കാനും അവർക്ക് സുരക്ഷ നൽകാനും ദൗത്യമാണ് പോലീസിന് ഉള്ളതെന്നും അതിനാൽ ക്രൈസ്തവ മിഷനറിമാരെ നിരീക്ഷിക്കാനുള്ള നടപടി വിവേചനപരമാണെന്നും ദേശീയ മെത്രാൻ സമിതിയുടെ മുൻ വക്താവ് ഫാ. ബാബു ജോസഫ് ഏഷ്യാ ന്യൂസിനോട് പറഞ്ഞു. യഥാർത്ഥ പ്രശ്നക്കാരെ പരാമർശിക്കാതെ സാമൂഹിക പ്രശ്നങ്ങൾക്ക് കാരണം ക്രൈസ്തവ മിഷനറിമാരാണെന്ന ധ്വനിയാണ് സർക്കുലറിലുള്ളതെന്ന് അദ്ദേഹം പറഞ്ഞു. ക്രൈസ്തവ മിഷനറിമാർ സമൂഹത്തിന് നൽകിയിരിക്കുന്ന സംഭാവനകൾ പരിഗണിക്കാതെ മതപരിവർത്തനം നടത്തുന്നെന്ന ആരോപണമുന്നയിച്ച് വേട്ടയാടുന്നത് പതിവായിരിക്കയാണെന്ന് ഫാ.ബാബു ചൂണ്ടിക്കാട്ടി.

ആദിവാസികളുടെ ജീവിതാവസ്ഥ ക്രൈസ്തവ മിഷനറിമാർ മൂലമാണ് മെച്ചപ്പെട്ടതെന്നും, ഏതാനും ചില വലതുപക്ഷ പ്രസ്ഥാനങ്ങൾക്ക് ആദിവാസികളോട് പ്രത്യേക സ്നേഹം അടുത്ത കാലത്ത് ഉണ്ടായത് തന്നെ അത്ഭുതപ്പെടുത്തിയെന്നും അദ്ദേഹം പറഞ്ഞു. ആരും സഹായിക്കാത്ത ഘട്ടത്തിൽ ക്രൈസ്തവ മിഷനറിമാർ അവരെ സഹായിക്കുമ്പോൾ മതപരിവർത്തനമാണെന്ന് ചിത്രീകരിക്കപ്പെടുന്നു.ആദിവാസി സഹോദരങ്ങൾ ഇന്ത്യൻ പൗരൻമാരാണെന്നും അവർക്ക് ഇഷ്ടമുള്ള വിശ്വാസം സ്വീകരിക്കാൻ സ്വാതന്ത്ര്യമുണ്ടെന്നും അദ്ദേഹം പറഞ്ഞു.ഛത്തീസ്ഗഢിലെ ക്രൈസ്തവ ജനസംഖ്യ 1.92% മാത്രമാണ്.









THE END TIME NEWS
VOICE OF HARVESTING SOULS MISSION

24/7 Christian
Radio Network
NOW AVAILABLE IN
**English Malayalam**
**Hindi & Tamil**

END TIME
RADIO




- Christian songs unlimited
- Christian short messages
- Motivational sermons
- Uplifting talks & so on...

IT'S ABSOLUTELY **FREE!!**

*Stream inside outside or anywhere you go!*

Computer
Smart phone
Tablet
Wireless speaker
Smart TV
Car-media player

*and more..*

Download now
GET IT ON Google Play
Download on the App Store
visit us: theendtimeradio.com

endtimeradio24x7

the END TIME NEWS
VOICE OF HARVESTING SOULS MISSION

USA
PO.box 125
Wheat land,6920.5.m manin st
Wheat land Oklahoma
box zip code-73097
PH-(405) 745-786(H)
Mob-001(405)778-4341(Wats App)

Reg no : TVM/TC/1717/2014
Established :USA
Published from : India, Kerala, TVM




US GLASSTECH

We are Architectural Aluminum systems and Glazers Company run by Experienced and Qualified Engineers, Technicians and installers. We make high performing entrances, storefronts,windows, structural glazing, Curtain walls, etc.Committed in creating next-generation technologies; we strive to ensure safety and comfort of buildings. Every project comes with warranty and quick turnaround. We give infinite possibilities and innovative design solutions to your ideas or dreams. Explore our dynamic array of innovative solutions for renovation and new construction. Together we build your dreams with our experience and dedication.

OUR OTHER ALUMINIUM PRODUCTS

- Manual ICU sliding Doors.
- Manual Pivot or Hinged Doors.
- Automatic folding Doors.
- Five door systems.
- Manual Swing and slide Doors.
- Aluminium, FRP and Fiberglass Enty Doors.
- Store front systems.
- Shower doors.
- Patio sliding doors.
- Frameless glass enterace Doors.
- Window Wall.

405 778 4341
405 590 6116
usglasstech@gmail.com
www.usglasstech.com

Innovative Products
520 Beacon Pl,
Oklahoma City,OK 73127
(Off) 405 440-0010
(Fax) 405 440 0015